# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 01.01.2025**

## പ്രധാനവാർത്തകൾ

1). വയനാട് പുനരധിവാസ പദ്ധതിക്ക് സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം. വീടുകൾക്ക് പുറമേ എല്ലാ വിധ സൗകര്യങ്ങളോടും കൂടിയ ടൗൺഷിപ്പുകളാകും നിർമിച്ചു നൽകുകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

2) പി.എം ഫസൽ ബീമാ യോജനയും , കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയും ഒരു വർഷം കൂടി ദീർഘിപ്പിക്കാൻ കേന്ദ്രമന്ത്രിസഭയുടെ അനുമതി.

3) കേരള ഗവർണറായി രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നാളെ സത്യപ്രതിജ്ഞ ചെയ്യും. തിരുവനന്തപുരത്തെത്തിയ നിയുക്ത ഗവർണർക്ക് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഊഷ്മള വരവേൽപ്.

4) കണ്ണൂർ വളക്കൈയിൽ സ്കൂൾ ബസ് മറിഞ്ഞ് ഒരു വിദ്യാർത്ഥിനി മരിച്ചു. 15 ഓളം വിദ്യാർത്ഥികൾക്ക് പരിക്ക്.

5) പൊള്ളലേറ്റവർക്ക് ലോകോത്തര നിലവാരമുള്ള ചികിത്സാ സംവിധാനം ഉറപ്പുവരുത്താനായി സംസ്ഥാനത്ത് സ്കിൻ ബാങ്കുകൾ ആരംഭിക്കുമെന്ന് മന്ത്രി വീണാ ജോർജ്.

6) 63- ആമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൻറെ വിളംബര ഘോഷയാത്ര തിരുവനന്തപുരത്ത് ഇന്ന് നടന്നു.

RNU TVPM

**മുഖ്യമന്ത്രി - (ഇൻട്രോ)**

വയനാട് പുനരധിവാസ പദ്ധതിക്ക് മന്ത്രിസഭ അംഗീകാരം നൽകിയതായി മുഖ്യമന്ത്രി പിണറായി വിജയൻ.

നെടുമ്പാല, എൽസ്റ്റോൺ എസ്റ്റേറ്റുകളിലായി നിർമിക്കുന്ന രണ്ട് ടൗൺഷിപ്പുകളിൽ 1,000 ചതുരശ്ര അടി വിസ്തീർണമുള്ള വീടുകൾക്ക് പുറമേ വിദ്യാലയം, ആരോഗ്യ കേന്ദ്രം, കളിസ്ഥലം തുടങ്ങി എല്ലാവിധ സംവിധാനങ്ങളും സജ്ജമാക്കും. എൽസ്റ്റോൺ എസ്റ്റേറ്റിൽ ഒരു കുടുംബത്തിനു 5 സെൻറും നെടുമ്പാലയിൽ 10 സെൻറും ആയിരിക്കും നൽകുകയെന്നും മുഖ്യമന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു .

**(ഹോൾഡ് വോയിസ് ......)**

ടൗൺഷിപ്പിന് 750 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഗുണഭോക്താക്കളുടെ പട്ടിക ഈമാസം 25 നകം പുറത്തിറക്കും. ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയാണ് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാറുകാർ. കിഫ്‌ക്കോണിനാണ് നിർമാണത്തിന്റെ മേൽനോട്ടം.

RNUTVPM

**വയനാട് മുണ്ടക്കൈ - (ഇൻട്രോ)**

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിനുള്ള സർവേ നടപടികൾ എസ്റ്റേറ്റുകളിൽ ആരംഭിച്ചു. കൃഷി, വനം, റവന്യൂ ഉദ്യോഗസ്ഥർ സംയുക്തമായാണ് സർവേ നടത്തുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്......**

**(വോയിസ്...........)**

## മന്ത്രിസഭായോഗ തീരുമാനങ്ങൾ

15-ാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം 2025 ജനുവരി 17 മുതൽ വിളിച്ചു ചേർക്കുവാൻ ഗവർണ്ണറോട് ശുപാർശ ചെയ്യാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൻറെ കരട് തയ്യാറാക്കുന്നതിനായി മന്ത്രിസഭ ഉപസമിതിയെ യോഗം ചുമതലപ്പെടുത്തി.

---

## കേന്ദ്രമന്ത്രിസഭാ തീരുമാനങ്ങൾ

പി.എം ഫസൽ ബീമാ യോജന, നവീകരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി എന്നിവ അടുത്ത സാമ്പത്തിക വർഷത്തിൽ കൂടി തുടരുന്നതിന് കേന്ദ്രമന്ത്രിസഭ അനുമതി നൽകി. പദ്ധതിയ്ക്കായുള്ള വകയിരുത്തൽ 69,515 കോടി രൂപയായി വർധിപ്പിച്ചതായും മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ചു കൊണ്ട് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത കർഷകരിൽ 88 ശതമാനവും ചെറുകിട, നാമമാത്ര കർഷകരാണ്. കഴിഞ്ഞ എട്ട് വർഷത്തിനിടെ ഒരു ലക്ഷത്തി 70,000 കോടി രൂപയുടെ ക്ലെയിം പദ്ധതികളിലൂടെ കർഷകർക്ക് ലഭ്യമാക്കിയതായും മന്ത്രി പറഞ്ഞു.

RNU TVPM

---

## ഗവർണർ

കേരള ഗവർണറായി രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നാളെ സത്യപ്രതിജ്ഞ ചെയ്യും. രാവിലെ 10.30 ന് രാജ്ഭവനിൽ നടക്കുന്ന ചടങ്ങിൽ ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ മധുകർ ജംദാർ സത്യവാചകം ചൊല്ലി കൊടുക്കും. തിരുവനന്തപുരം വിമാനത്താവളത്തിൽ ഇന്ന് വൈകുന്നേരം എത്തിച്ചേർന്ന നിയുക്ത ഗവർണറെ മുഖ്യമന്ത്രി പിണറായി വിജയൻ സ്പീക്കർ എ.എൻ. ഷംസീർ, മന്ത്രിമാർ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

ഗാർഡ് ഓഫ് ഓണർ നൽകിയാണ് നിയുക്ത ഗവർണറെ കേരളം വരവേറ്റത്. തുടർന്ന് രാജ്ഭവനിലെത്തിയ അദ്ദേഹത്തിന് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഊഷ്മളമായ വരവേൽപും ലഭിച്ചു.

**************************************************************************************************************************

**ബ്രേക്ക്........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

**************************************************************************************************************************

**സ്കൂൾ ബസ് അപകടം-കണ്ണൂർ**

കണ്ണൂർ ശ്രീകണ്ഠപുരത്തിനടുത്ത് വളക്കൈയിൽ സ്കൂൾ ബസ് മറിഞ്ഞ് ഒരു വിദ്യാർത്ഥിനി മരിച്ചു. കുറുമാത്തൂർ ചിന്മയ സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനി നേദ്യ എസ് രാജേഷാണ് മരിച്ചത്. ഇട റോഡിലെ ഇറക്കത്തിൽ നിന്ന് നിയന്ത്രണം വിട്ട ബസ് പലതവണ മലക്കം മറിഞ്ഞശേഷം ശ്രീകണ്ഠപുരം-തളിപ്പറമ്പ് പ്രധാന റോഡിലേക്ക് തെറിച്ചുവീഴുകയായിരുന്നു. 15 കുട്ടികൾക്ക് അപകടത്തിൽ പരിക്കേറ്റു .കുറുമാത്തൂർ ചിന്മയ വിദ്യാലയത്തിലെ ബസ്സാണ് ഇന്ന് വൈകുന്നേരം അപകടത്തിൽപ്പെട്ടത്.

RNUTVPM

**************************************************************************************************************************

**വീണാ ജോർജ്**

പൊള്ളലേറ്റവർക്ക് ലോകോത്തര നിലവാരമുള്ള നൂതന ചികിത്സാ സംവിധാനം ഉറപ്പുവരുത്താനായി കേരളത്തിൽ ആദ്യമായി സ്കിൻ ബാങ്കുകൾ ആരംഭിക്കുമെന്ന് മന്ത്രി വീണാ ജോർജ്. പൊള്ളലേറ്റവർക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രധാന മെഡിക്കൽ കോളേജുകളിൽ സ്ഥാപിച്ച ബേൺസ് യൂണിറ്റുകൾ ശക്തിപ്പെടുത്താനായി ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ശരീരത്തിലെ ഏറ്റവും വലിയ അവയവമായ ത്വക്ക് ശേഖരിച്ച് പ്രിസർവ് ചെയ്ത് ആവശ്യമുള്ള രോഗികൾക്ക് സാങ്കേതിക വിദ്യയുടെ

സഹായത്തോടെ വച്ചുപിടിപ്പിക്കുകയാണ് സ്കിൻ ബാങ്കിലൂടെ ചെയ്യുന്നത്.

******************************************************************************************

**മന്ത്രി വി.എൻ വാസവൻ - (ഇൻട്രോ)**

ശബരിമലയിൽ തിരുവാഭരണഘോഷയാത്രയ്ക്കും മകരവിളക്ക് ദർശനത്തിനുമുള്ള ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നതായി ദേവസ്വം മന്ത്രി വി.എൻ വാസവൻ. ഈ വർഷത്തെ തീർത്ഥാടനം വിജയകരമായി നടന്നുവരുന്നതായും, 32 ലക്ഷത്തിലധികം പേർ ഇക്കുറി ശബരിമലയിൽ ദർശനം നടത്തിയതായും മന്ത്രി പറഞ്ഞു.

**(വോയിസ്.................)**

2025 ലെ ഹരിവരാസനം പുരസ്കാരം കൈതപ്രം ദാമോദരൻ നമ്പൂതിരിക്ക് സമ്മാനിക്കുമെന്നും ശ്രീ വി.എൻ വാസവൻ അറിയിച്ചു.

RNUTVPM

******************************************************************************************

**കലോത്സവം-വിളംബരജാഥ**

63- ആമത് സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് വിളംബര ഘോഷയാത്ര സംഘടിപ്പിച്ചിച്ചു. വിവിധ നൃത്തരൂപങ്ങൾ, ബാൻഡ് മേളം, ചെണ്ട മേളം തുടങ്ങിയവയുടെ അകമ്പടിയോടെയായിരുന്നു ഘോഷയാത്ര. തിരുവനന്തപുരത്തെ വിവിധ വേദികളിലായി ജനുവരി 4 മുതൽ 8 വരെ നടക്കുന്ന കലോത്സവത്തിന്റെ അവസാനഘട്ട ഒരുക്കങ്ങൾ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി ഇന്ന് വിലയിരുത്തി.

******************************************************************************************

**ശിവഗിരി**

92-ാമത് ശിവഗിരി തീർത്ഥാടന സമാപന സമ്മേളനം കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. അടിസ്ഥാനവർഗ്ഗത്തിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി നിലകൊണ്ട മഹാനാണ് ശ്രീനാരായണ ഗുരുവെന്ന് സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് കേന്ദ്രമന്ത്രി പറഞ്ഞു.

തൊട്ടുകൂടായ്മയ്ക്കും തീണ്ടിക്കൂടായ്മയ്ക്കും എതിരെയാണ്
ഗുരു പടപൊരുതിയതെന്നും മന്ത്രി പറഞ്ഞു.

************************************************************************************************

## മന്നം ജയന്തി-എൻ.എസ്.എസ്

സാമ്പത്തിക സംവരണത്തിൽ ഉൾപ്പെടുന്ന വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും, അവരുടെ പുരോഗതിക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരുകൾക്ക് ശുപാർശകൾ നൽകാനായി ദേശീയ E.W.S കമ്മീഷൻ രൂപീകരിക്കണമെന്ന് നായർ സർവ്വീസ് സൊസൈറ്റി. മന്നം ജയന്തി ആഘോഷത്തിന്റെ ഭാഗമായി പെരുന്നയിൽ ചേർന്ന അഖില കേരള നായർ പ്രതിനിധി സമ്മേളനത്തിലാണ് എൻ.എസ്.എസ് ഈ ആവശ്യം ഉന്നയിച്ചത്.

************************************************************************************************

## പെരിയ ഇരട്ടക്കൊല

പെരിയ ഇരട്ടക്കൊല കേസിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയവർക്കെതിരെ സി.ബി.ഐ കോടതി മറ്റന്നാൾ ശിക്ഷാ വിധി പുറപ്പെടുവിക്കുന്ന പശ്ചാത്തലത്തിൽ കാസർഗോഡ് കളക്ടറേറ്റിൽ സമാധാനയോഗം ചേർന്നു. അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുവാൻ ജില്ലാകളക്ടർ കെ ഇമ്പശേഖരുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. ജില്ലാ പോലീസ് മേധാവി ഡി ശില്പ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ ,പോലീസ് റവന്യു ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. സമൂഹ മാധ്യമം വഴിയുള്ള അധിക്ഷേപ പരാമർശങ്ങൾ നിയന്ത്രിക്കുന്നതിനായി സോഷ്യൽ മീഡിയ നിരീക്ഷണം ശക്തിപ്പെടുത്താനും യോഗത്തിൽ തീരുമാനമായി .

RNU TVPM

## വോട്ടർപട്ടിക-തിരഞ്ഞെടുപ്പ് കമ്മീഷൻ

സംസ്ഥാനത്തെ **31** തദ്ദേശ സ്വയംഭരണ വാർഡുകളിലെ വോട്ടർപട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുതുക്കുന്നു. കരട് വോട്ടർപട്ടിക **ജനുവരി മൂന്നിനും** അന്തിമപട്ടിക **28നും** പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു. കരട് പട്ടികയിൽ പേര് ഉൾപ്പെടാത്തവർക്ക് ജനുവരി മൂന്ന് മുതൽ 18 വരെ അപേക്ഷിക്കാം. **2025 ജനുവരി 1 നോ** അതിന് മുൻപോ **18** വയസ്സ് പൂർത്തിയായവർക്കാണ് പേര് ചേർക്കാൻ അർഹതയുള്ളത്.

## ഹജ്ജ്

അമിത നിരക്ക് ഒഴിവാക്കി, കേരളത്തിലെ ഹജ്ജ് എമ്പാർക്കേഷൻ പോയിൻറുകളിൽ നിന്നുള്ള വിമാന യാത്രാനിരക്ക് ഏകീകരിക്കണം എന്നാവശ്യപ്പെട്ട് കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രി കിരൺ റിജിജുവിനും, വ്യോമയാന മന്ത്രി റാം മോഹൻ നായിഡുവിനും മന്ത്രി വി. അബ്ദുറഹിമാൻ കത്ത് അയച്ചു. 3 എമ്പാർക്കേഷൻ പോയിന്റുകളിൽ നിന്നും സർവീസിനായി വിമാന കമ്പനികളിൽ നിന്ന് ടെൻഡർ ഉറപ്പിക്കുന്നതിന് മുൻപ് യാത്രാനിരക്ക് സംബന്ധിച്ച് ഇടപെടൽ നടത്താനാണ് കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

RNIUTVPM

## വെടിക്കെട്ട് അനുമതി

തിരുവമ്പാടി പാറമേക്കാവ് ദേവസ്വങ്ങളുടെ വേല എഴുന്നള്ളിപ്പിന്റെ ഭാഗമായുള്ള വെടിക്കെട്ടിന് ഹൈക്കോടതി അനുമതി നൽകി. പൊതുജനങ്ങൾക്കുള്ള സുരക്ഷ ഭീഷണിയും, കേന്ദ്രം സ്ഫോടക വസ്തു നിയമത്തിൽ വരുത്തിയ ഭേദഗതികളും ചൂണ്ടിക്കാണിച്ചാണ് തൃശ്ശൂർ ജില്ലാ ഭരണകൂടം വെടിക്കെട്ടിന് അനുമതി നിഷേധിച്ചത്. ഇതിനെതിരെ ഇരു ദേവസ്വങ്ങളും ഹൈക്കോടതിയെ സമീപിച്ചിരുന്നു. വെടിക്കെട്ട് നടക്കുമ്പോൾ വെടിക്കെട്ട് പുരയിൽ സ്ഫോടക വസ്തുക്കൾ ഇല്ലെന്ന് ഉറപ്പാക്കണമെന്നും ഹൈക്കോടതി നിർദ്ദേശിച്ചു.